15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206 — 12-06-2024 - ൽ മറുപടിയ്ക്ക്

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിനായി കുണ്ടറ ടെക്നോപാർക്കിനോട് ചേർന്ന പത്തേക്കർ ഭൂമിയും കെട്ടിടത്തിനുള്ള തുകയും അനുവദിച്ചിട്ട് പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടാനുള്ള കാരണം വിശദമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിനായി പ്രഖ്യാപനം ഉണ്ടായിരുന്നു. സ.ഉ.(കൈ)നം.51/2021/റവ തീയതി 10.02.2021 പ്രകാരം കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ മുളവന വില്ലേജിൽ ബ്ലോക്ക് നം. 10 ൽ റീസർവ്വേ നം. 392,393 & 407 എന്നിവയിൽ ഉൾപ്പെട്ട 10 ഏക്കർ (4.047 ഹെക്ടർ) ഭൂമി കൊല്ലം റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിലേക്കായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്(കുഫോസ്) അനുവദിച്ചു നൽകിയിരുന്നു. പ്രസ്തുത ഭൂമിയിൽ ഒരു ഫിഷറീസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ 97-ാമത് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ നിലവിൽ പയ്യന്നൂരിൽ സ്ഥാപിതമായ ഫിഷറീസ് കോളേജ് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ പുതുതായൊരു ഫിഷറീസ് കോളേജ് ആരംഭിക്കേണ്ട ആവശ്യമില്ല എന്ന് സർവ്വകലാശാല രജിസ്ട്രാറെ അറിയിച്ചിരുന്നു. കുണ്ടറയിൽ ഒരു ഫിഷറീസ് പ്രാദേശിക കേന്ദ്രം ഉടങ്ങുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രം, കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് താൽക്കാലികമായി ആരംഭിക്കുന്നതിനായി ഫിഷറീസ് സർവകലാശാല അധികൃതർ കെട്ടിട പരിശോധന നടത്തിയതിനു ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കൊല്ലം റീജിയണൽ സെന്റർ കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് താൽക്കാലികമായി ആരംഭിക്കുന്നതിനായി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഗവേണിംഗ് കൗൺസിൽ അംഗം ശ്രീ. അനിൽകുമാർ രാജേന്ദ്രൻ, കെ.എസ്.സി.എ.ഡി.സി മാനേജിംഗ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം 29.09.2023 ൽ ഈ സ്ഥലം സന്ദർശിച്ചു. സ്ഥലം എം.എൽ.എ ശ്രീ. പി.സി. വിഷ്ണുനാഥും പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | അധികൃതരും സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന സംയുക്ത ചർച്ചയിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടുകോടി രൂപ ഇതിനുവേണ്ടി അനുവദിക്കാമെന്ന് അറിയിക്കുകയുണ്ടായി.<br><br>തുടർന്ന് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും പ്രാരംഭ ഘട്ടത്തിൽ പ്രൊജക്റ്റ് മോഡ് കോഴ്സുകൾ/ ഡിപ്ലോമ കോഴ്സുകൾ/ ഹ്രസ്വകാലപരിശീലന പരിപാടികളും മറ്റും തൽക്കാലം തുടങ്ങുന്നതിനുമുള്ള ചെലവും ടി തുക കണ്ടെത്തുന്ന ശീർഷകം സംബന്ധിച്ച വിവരങ്ങളും 29.09.2023 ൽ സ്ഥലം എം.എൽ.എ ശ്രീ. പി.സി. വിഷ്ണുനാഥും പഞ്ചായത്ത് അധികൃതരും തമ്മിൽ നടന്ന സംയുക്ത ചർച്ചയുടെ മിനിട്ട്സ്/ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടുകോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സമ്മതപത്രം എന്നിവ ലഭ്യമാക്കുവാൻ കുഫോസ് രജിസ്ട്രാറോട് ആവശ്യപ്പെടുകയുണ്ടായി.<br><br>ടി മീറ്റിംഗിന്റെ മിനിട്ട്സ് കുഫോസ് വൈസ് ചാൻസിലറിനും ഗവേണിംഗ് കൗൺസിലിനും മുമ്പാകെ സമർപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി ആസ്തി വികസന ഫണ്ട് വിനിയോഗത്തിലേക്കായുള്ള സമ്മത പത്രം സമർപ്പിക്കുവാൻ ബഹു.കുണ്ടറ നിയോജക മണ്ഡലം എം.എൽ.എ ക്ക് സർവകലാശാല കത്ത് അയച്ചിരുന്നു. ആയതിന്റെ മറുപടി പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത കേന്ദ്രം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും കെട്ടിടത്തിനുള്ളിൽ സജ്ജീകരിക്കുവാനായി തീരുമാനിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ.? | (സി) | റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഏകദേശം 7000 ചതുരശ്രയടി വിസ്തൃതിയിൽ ഉള്ള ഒരു കെട്ടിടം പണിയുന്നതിനായി എസ്റ്റിമേറ്റ് തീരദേശവികസന കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിനായി 1.75 കോടി രൂപ ചിലവ് വരുന്നതാണ്.<br><br>പ്രോജക്റ്റ് മോഡ് കോഴ്സുകളോ, ഡിപ്ലോമ കോഴ്സുകളോ ഹ്രസ്വകാലപരിശീലന പരിപാടികളോ തൽക്കാലം തുടങ്ങുന്നതിന് ഈ സൗകര്യങ്ങൾ മതിയാവുന്നതാണ്. റീജിയണൽ സെന്ററായി തുടങ്ങുന്ന ഈ കെട്ടിടം പിന്നീട് ഫിഷറീസ് കോളേജായി ഉയർത്തപ്പെട്ടാൽ നിലവിലെ ഈ കെട്ടിടം കോളേജിന്റെ ഏതെങ്കിലും ഒരു സൗകര്യമായി ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഫിഷറീസ് കോളേജ് തുടങ്ങി അവിടെ ബി.എഫ്.എസ്.സി കോഴ്സ് ആരംഭിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 30000 ചതുരശ്രയടിയിൽ ഉള്ള കെട്ടിടം നിർമ്മിക്കേണ്ടി വരികയും അതിനായി പൈൽ ഫൗണ്ടേഷനടക്കം ഉള്ള ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ |

| | | | |
|---|---|---|---|
| | | | 15 കോടി രൂപ ചിലവ് വരുന്നതുമാണ്.<br>ഐ.സി.എ.ആർ ചട്ടപ്രകാരം മിനിമം 25 ഏക്കർ സ്ഥലവും അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിൽ മാത്രമേ ബി.എഫ്.എസ്.സി കോഴ്സ് തുടങ്ങാനാകൂ. നാല് ക്ലാസ് മുറികൾ, 8 ലാബുകൾ, അനുബന്ധ സൗകര്യങ്ങളായ സെമിനാർ ഹാൾ, ഡീനിന്റെ മുറിയും ഓഫീസും, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസി. പ്രൊഫസർ റൂമുകൾ, മീറ്റിംഗ് റൂമുകൾ അടക്കം 30000 ചതുരശ്രയടിയിൽ ഒറ്റ നിലയിലോ, 7500 ചതുരശ്രയടി വീതം 4 നിലകളിലോ നിർമ്മിക്കേണ്ടി വരുന്നതാണ്. കൂടാതെ മിനിമം 24 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും ആവശ്യമായി വരും. |

സെക്ഷൻ ഓഫീസർ